# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 131 — 08.02.2016 ലെ മറുപടിക്ക്

ചോദ്യം — മറുപടി

ശ്രീ. പി.ടി.എ. റഹീം — **ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

## ബഡ്ജറ്റ്

| | | |
|---|---|---|
| (എ) | 2011-12 നും അതിന് ശേഷമുള്ള സംസ്ഥാന ബഡ്ജറ്റുകളിലും പദ്ധതി/ പദ്ധതി ഇതര ചെലവുകൾക്കായി വകയിരുത്തുകയും ട്രഷറിയിൽ നിന്ന് പിൻവലിക്കപ്പെടുകയും ചെയ്ത തുക യിൽ ഏതെല്ലാം വകുപ്പുകളുടെ തുകയാണ് ചെലവാകാതെ ട്രഷറിയിൽ തന്നെ കിടക്കുന്നതെന്ന് വിശദ മാക്കാമോ; ഇപ്രകാരം ട്രഷറി അക്കൗണ്ടുകളിൽ തന്നെ നിക്ഷേപിക്ക പ്പെട്ട മൊത്തം തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിച്ച് മറ്റേതെങ്കിലും ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ട തുക ഏതൊക്കെ; മൊത്തം എത്ര; | വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ 2011-12 മുതൽ ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ട്രഷറിയിലും മറ്റു ബാങ്കുകളിലും ചെലവാ കാതെ കിടക്കുകയും ചെയ്യുന്ന തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതിയേതര ചെലവുകളിലും അൻപത് ശതമാന ത്തിൽ കുറഞ്ഞ പെർഫോർമെൻസ് കാഴ്ചവച്ച വകുപ്പുകൾ ഏതൊക്കെ; ഇക്കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതായ വകുപ്പുകൾ ഏതൊക്കെ; വിശദമാക്കാമോ; | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പ ത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 43 ശതമാനവും 40 ശതമാനവും 11 ശതമാനവും ആയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പിലെ പദ്ധതി ചെലവ് 17 ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പി ലേത് 32 ശതമാനവും, പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി |

| | | |
|---|---|---|
| | | ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതു വിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവന നിർമാണം (42 ശതമാനം) എന്നിവയായിരുന്നു.<br>വിവിധ ധനാഭ്യർത്ഥനകളിലെ പദ്ധതിയേതര ചെലവിന്റെ വകുപ്പു തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ധനാഭ്യർത്ഥനകളിലെ ചെലവ് കണക്കുകൾ പ്രകാരം പദ്ധതിയേതരയിനത്തിൽ കുറഞ്ഞ ചെലവ് രേഖപ്പെടുത്തിയ ധനാഭ്യർത്ഥന കളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>2011-12 സാമ്പത്തിക വർഷം തെരഞ്ഞെടുപ്പ്, പൊതുമരാമത്ത്, പലവക സാമ്പത്തിക സർവ്വീസുകൾ, ക്ഷീര വികസനം, എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2012-13 സാമ്പത്തിക വർഷം പൊതുമരാമത്ത്, നഗര വികസനം, തുറമുഖം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2013-14 ൽ തുറമുഖം, പലവക സാമ്പത്തിക സർവ്വീസുകൾ, ഗതാഗതം, കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണം, പലവക സാമ്പത്തിക സർവ്വീസുകൾ, ജലസേചനം, വിനോദ സഞ്ചാരം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പു കളിലുമാണ് പദ്ധതിയേതരചെലവ് കുറവ് രേഖപ്പെടുത്തിയത്.<br>2015-16 സാമ്പത്തിക വർഷത്തെ നവംബർ മാസം വരെയുള്ള ചെലവിന്റെ താൽക്കാലിക കണക്കുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവിന്റെ പ്രവണത വിലയിരുത്തുന്നത് പ്രായോഗികമല്ല. |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

| നം | വകുപ്പ് | ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക | മറ്റ് ബാങ്കുകളിൽ നിക്ഷേപിച്ച തുക |
|---|---|---|---|
| | | | (തുക ലക്ഷത്തിൽ) |
| 1 | പൊതു വിദ്യാഭ്യാസ വകുപ്പ് | 7.47 | 62.76 |
| 2 | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | | 1.50 |
| 3 | പരീക്ഷാ കമ്മീഷണറേറ്റ് | | 133.01 |
| 4 | ലാന്റ് ബോർഡ് | 2102.60 | |
| 5 | കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ് | 220.82 | |
| 6 | ഫിഷറീസ് വകുപ്പ് | 13993.24 | |
| 7 | കായിക യുവജന കാര്യ വകുപ്പ് | 140.00 | |
| 8 | തൊഴിൽ വകുപ്പ് | 160.00 | |
| 9 | ക്ഷീര വികസന വകുപ്പ് | 899.41 | |
| 10 | സാമൂഹ്യ നീതി വകുപ്പ് | 7102.02 | |
| 11 | പഞ്ചായത്ത് വകുപ്പ് | 456.78 | |
| 12 | മ്യൂസിയവും മൃഗശാലയും വകുപ്പ് | 30.00 | |
| 13 | പുരാവസ്തു വകുപ്പ് | 225.84 | |
| 14 | ഇൻഷ്വറൻസ് വകുപ്പ് | 274.24 | |
| 15 | പട്ടികജാതി വികസന വകുപ്പ് | 1233.16 | |
| 16 | ലാന്റ് റവന്യൂ | 23.23 | |
| 17 | കോളേജ് വിദ്യാഭ്യാസ വകുപ്പ് | 41.51 | |
| 18 | സർവ്വേയും ഭൂരേഖയും വകുപ്പ് | 1954.28 | |
| 19 | നാഷണൽ എംപ്ലായ്മെന്റ് സർവ്വീസ് | 131.54 | |
| 20 | രജിസ്ട്രേഷൻ വകുപ്പ് | 155.79 | |
| 21 | മൃഗസംരക്ഷണ വകുപ്പ് | 431.74 | |
| 22 | ജലസേചനം (പര്യവേഷണവും രൂപ കൽപ്പനയും) | 1.11 | |
| 23 | വനം വകുപ്പ് | 1196.46 | 798.99 |
| 24 | സഹകരണ വകുപ്പ് | 3089.81 | |
| | **ആകെ** | **33871.05** | **996.26** |

അക്കൗണ്ട്സ് ഓഫീസർ